**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1209 | 05.03.2020 -ൽ മറുപടിയ്ക്ക്

## മറ്റു വില്ലേജുകളുടെ ഭരണ ചുമതല നൽകിയിട്ടുള്ള വില്ലേജ് ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ് : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ ആകെ എത്ര വില്ലേജുകളും വില്ലേജ് ഓഫീസുകളും ഉണ്ടെന്ന് അറിയിക്കാമോ; ഇതിൽ എത്ര വില്ലേജ് ഓഫീസുകൾക്കാണ് മറ്റു വില്ലേജുകളുടെ ഭരണ ചുമതല കൂടി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് ആകെ 1664 വില്ലേജുകളും 1567 വില്ലേജ് ഓഫീസുകളും ഉണ്ട്. 1664 വില്ലേജുകളിൽ തിരുവനന്തപുരം ജില്ലയിലെ 3 വില്ലേജ് ഓഫീസുകൾക്കും എറണാകുളം ജില്ലയിലെ 6 വില്ലേജ് ഓഫീസുകൾക്കും, തൃശ്ശൂർ ജില്ലയിലെ 59 വില്ലേജ് ഓഫീസുകൾക്കും കാസർഗോഡ് ജില്ലയിലെ 29 വില്ലേജ് ഓഫീസുകൾക്കുമാണ് മറ്റ് വില്ലേജുകളുടെ (ഗ്രൂപ്പ് വില്ലേജ് സംവിധാനത്തിലൂടെ) ഭരണചുമതല കൂടി നല്കിയിട്ടുള്ളത്. |
| (ബി) പിറവം മണ്ഡലത്തിൽ ഒന്നിൽ കൂടുതൽ വില്ലേജുകളുടെ ഭരണ ചുമതലയും നിയന്ത്രണ അധികാരവുമുള്ള എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്നും അവയുടെ പരിധിയിൽ വരുന്ന വില്ലേജുകൾ ഏതെല്ലാമാണെന്നും അറിയിക്കാമോ? | (ബി) പിറവം മണ്ഡലത്തിൽ ഒന്നിൽ കൂടുതൽ വില്ലേജുകളുടെ ഭരണ ചുമതലയും നിയന്ത്രണ അധികാരവുമുള്ള വില്ലേജ് ഓഫീസുകൾ താഴെ പറയുന്നവയാണ്.<br>1) ആമ്പല്ലൂർ (ഗ്രൂപ്പ്) - ആമ്പല്ലൂർ, കീച്ചേരി, കലയറ്റിക്കര<br>2) കണയന്നൂർ (ഗ്രൂപ്പ്) - കണയന്നൂർ, കുരീക്കാട് |

സെക്ഷൻ ഓഫീസർ